(ഡി) അവാർഡ് നൽകുന്നുണ്ടെങ്കിൽ പ്രസ്തുത അവാർഡ് നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്

(സി) ഇല്ല.

(ഡി) കെ.എസ്.ആർ വാല്യം ഒന്നിലെ 34-ാം റൂളിനു കീഴിലെ സർക്കാർ തീരുമാനം 1-ൽ പറയുന്ന നിബന്ധനകൾക്കു വിധേയമായി നൽകുന്നു.

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലെ നിയമനം.

68 (779) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ ഈയിടെ ചില തസ്തികകളിൽ നിയമനം നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ഏത് ഏജൻസി വഴിയാണ് നിയമനം നടത്തിയത്; അപേക്ഷ ക്ഷണിച്ച് പത്രപരസ്യം നൽകിയിരുന്നോ;

(സി) ഏതൊക്കെ തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചു;

(ഡി) നിയമനം ലഭിച്ചവരുടെ പേരുവിവരം വ്യക്തമാക്കുമോ;

(ഇ) എസ്.സി./എസ്.ടി വിഭാഗത്തിൽ നിന്നും എത്ര പേരെ നിയമിച്ചു;

(എഫ്) ഒ.ബി.സി. വിഭാഗത്തിൽ നിന്നും എത്രപേരെ നിയമിച്ചു;

(ജി) മുന്നോക്ക സമുദായങ്ങളിൽ നിന്നും എത്രപേരെ നിയമിച്ചു;

(എച്ച്) നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ;

(ഐ) ഇല്ലെങ്കിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പുതുതായി രൂപീകരിച്ച ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ 10.2.1999-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.46/99/ജി.എ.ഡി പ്രകാരം താഴെ പറയുന്ന 11 തസ്തികകൾ സൃഷ്ടിച്ചു.

തസ്തിക	എണ്ണം
1. ഡെപ്യൂട്ടി സെക്രട്ടറി	1

LIBRARY ARCHIVES Kerala Legislative Assembly

2. സെക്ഷൻ ഓഫീസർ	1
3. അസിസ്റ്റന്റ് ഗ്രേഡ് II	2
4. സി.എ. ഗ്രേഡ് II	2
5. ടൈപ്പിസ്റ്റ് ഗ്രേഡ് II	1
6. പ്യൂൺ	4

ഇതിൽ 2 സി.എ. 2 പ്യൂൺ ഒഴികെയുള്ള എല്ലാ തസ്തികകളിലും നിയമനം നടന്നു കഴിഞ്ഞു. സെക്രട്ടേറിയറ്റിൽ നേരിട്ടു നിയമനം നടത്തുന്ന തസ്തികയിലേക്ക് പി.എസ്.സി. വഴിയാണ്. നിയമനം നടത്തുന്നത്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ)-(ഐ) പി.എസ്.സി. മുഖേനയുള്ള നിയമനമായതിനാൽ സംവരണതത്വം പാലിച്ചാണ് നിയമനം നൽകിയിട്ടുള്ളത്.

സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റ് തസ്തിക

69 (780) ശ്രീ. തമ്പാനൂർ രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റ് തസ്തികയിൽപ്പെട്ട ജീവനക്കാർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി ഏതെല്ലാം നിയമനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) ഒന്നാം ഗ്രേഡ് അസിസ്റ്റന്റുമാരായി ടൈപ്പിസ്റ്റുകളെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) 1:1:1:1 എന്ന റേഷ്യോ നിലവിൽ വന്നതുമൂലം സീനിയർ ഗ്രേഡോ, സെലക്ഷൻ ഗ്രേഡോ ആയ ടൈപ്പിസ്റ്റുകൾക്ക് അസിസ്റ്റന്റ് ഗ്രേഡ് 1 ആയി തസ്തികമാറ്റം ലഭിക്കാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സീനിയർ, സെലക്ഷൻ ഗ്രേഡുകളിൽ എത്തിയ ടൈപ്പിസ്റ്റുകൾക്ക് മുൻകാല പ്രാബല്യത്തോടെ ശമ്പളം പ്രൊട്ടക്ട് ചെയ്തുകൊണ്ട് അസിസ്റ്റന്റ് ഗ്രേഡ് I ആയി തസ്തിക മാറ്റം വഴി നിയമനം ലഭിക്കുന്നതിനു വേണ്ടി നടപടികൾ ഗവൺമെന്റു സ്വീകരിക്കുമോ;

(എഫ്) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ടൈപ്പിസ്റ്റ്, സി.എ. തസ്തികയിൽ ജോലി നോക്കുന്നവരെ അസിസ്റ്റന്റ് ട്രെയിനിയായി നിയമിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ജി) എത്ര വർഷം പൂർത്തിയാക്കിയവരെയാണ് ഇപ്പോൾ അസിസ്റ്റന്റ് ട്രെയിനിയായി നിയമിക്കുന്നത്;

(എച്ച്) ഇവരെ അസിസ്റ്റന്റ് ട്രെയിനിയായി നിയമിക്കുന്നതിന് ഇപ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly